# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2013 ഫെബ്രുവരി 7, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

7 (*61) മരുന്നുകൾ രോഗികളുടെ വീട്ടിലെത്തിക്കുന്ന പദ്ധതി

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) നൽകിയ മറുപടിയിൽ, കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസിയിൽനിന്നും മരുന്നുകൾ രോഗികളുടെ വീട്ടിലെത്തിക്കുന്ന കാരുണ്യ മെഡിക്കൽ കാർഡ് പദ്ധതി 1-11-2012 മുതൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. തിരുവനന്തപുരം സിറ്റിയിൽ പൈലറ്റ് പ്രോജക്ട് ആയി നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം 2500 രൂപ മുൻകൂർ അടയ്ക്കുന്നവർക്ക് പ്രത്യേക ഊഷ്മാവിൽ സൂക്ഷിക്കുന്ന ഇൻസുലിൻ ഉൾപ്പെടെ സ്ഥിരമായി ഉപയോഗിക്കുന്ന മരുന്നുകൾ തുച്ഛമായ കൊറിയർ ചാർജ് ഈടാക്കി വീടുകളിൽ എത്തിക്കുന്നതോടൊപ്പം രണ്ടുശതമാനം അധിക കിഴിവും ലഭിക്കുന്ന

താണ്. ഇതിൽ 292 കുടുംബങ്ങളാണ് അംഗങ്ങളായിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി ഫാമിലി മെഡിസിൻ കാർഡും ലോയൽറ്റി കാർഡും വിതരണം ചെയ്തിട്ടുണ്ട്. ലോയൽറ്റി ഡിസ്കൗണ്ട് കാർഡ് ലഭിക്കുന്നതിനായി 50 രൂപ അടയ്ക്കേണ്ടതാണ്. തിരുവനന്തപുരം ജില്ലയിൽ മുഴുവനും എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലും ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയ 35 കാരുണ്യ മെഡിക്കൽ സെന്ററുകൾ കൂടി തുടങ്ങുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ആശാ വർക്കർമാരുടെ സേവനം ഉപയോഗപ്പെടുത്തിക്കൊണ്ട് ഗ്രാമീണ മേഖലയിൽ മരുന്നുകൾ എത്തിക്കുന്ന പദ്ധതി അടുത്ത ഘട്ടത്തിൽ പരിഗണിക്കുന്നതാണ്. ജനറിക് മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്ന ഈ പദ്ധതി അടുത്ത ജൂൺമാസത്തോടുകൂടി പ്രൈമറി ഹെൽത്ത് സെന്ററുകളുൾപ്പെടെ എല്ലാ ആശുപത്രികളിലും നടപ്പാക്കുന്നതാണ്. ജനറിക് മരുന്നുകൾ വിതരണം ചെയ്യുന്നതിന് 375 കോടി രൂപ ആവശ്യമുള്ളതിൽ 200 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ബാക്കി തുക കൂടി അനുവദിക്കുമെന്ന ഉറപ്പ് ലഭിച്ചിട്ടുണ്ട്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ആവശ്യമായ മരുന്നുകൾ ഉത്പാദിപ്പിക്കുന്നതിനുവേണ്ടി കെ.എസ്.ഡി.പി. യുമായി ചർച്ച കൾ നടന്നുകൊണ്ടിരിക്കുകയാണ്. മരുന്നുകളുടെ വിലക്കയറ്റം തടയുന്നതി നുവേണ്ടി കേന്ദ്രഗവൺമെന്റ് 348 ഇനം മരുന്നുകൾ അവയുടെ കോമ്പിനേഷ നുകളടക്കം വിലനിയന്ത്രണ പട്ടികയിൽ കൊണ്ടുവരുന്നതാണ്. കേരളത്തിലെ പ്രസവ ചികിത്സാ സൗകര്യമുള്ള എല്ലാ സർക്കാർ ആശുപത്രികളിലും ‘അമ്മയും കുഞ്ഞും’ പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന് ഒരുപചോദ്യത്തിന് മറുപ ടിയായി മന്ത്രി അറിയിച്ചു.

7 (*62) <u>കാർഷിക മേഖലയെ സംരക്ഷിക്കാൻ പദ്ധതി</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) നൽകിയ മറുപടിയിൽ, മഴക്കുറവുമൂലം കേരളം നേരിടുന്ന അതിരൂക്ഷമായ വരൾച്ച കണക്കിലെടുത്ത് കൃഷി നിലനിർത്തുന്നതിനുള്ള ജലം വരുംമാസങ്ങളിൽ പരമാവധി ലഭ്യമാക്കുന്നതിലേയ്ക്കായി മണൽച്ചാക്ക് ഇട്ട് താത്കാലിക തടയണ കെട്ടുന്നതിന് ജലസേചന വകുപ്പിന് 22 കോടി രൂപയും കുടിവെള്ളത്തിനും കൃഷിക്കുമായി കുഴൽ കിണർ കുഴിക്കുന്നതിന് ഭൂഗർഭജലവകുപ്പ് നിർദ്ദേശിച്ച പ്രകാരം 13 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കടുത്ത വരൾച്ചയെത്തുടർന്ന് പ്രതിസന്ധിയിലായ കാർഷിക മേഖലയെ സംരക്ഷിക്കാൻ ചീഫ് എഞ്ചിനീയർമാർ സമർപ്പിച്ച വിവിധ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലാണ്. കുളങ്ങൾ വൃത്തിയാക്കുകയും തടയണകൾ നിർമ്മിക്കുകയും കനാലുകൾ നവീകരിക്കുകയും ചെയ്യുന്നതോടൊപ്പം വാർഷിക അറ്റകുറ്റപ്പണികൾ നടത്തി ജലസംഭരണിയിൽ ലഭ്യമായ ജലം ഉപയോഗിച്ച് ശാസ്ത്രീയമായ രീതിയിൽ കാർഷിക മേഖലയിൽ ജലസേചനം നടത്തുകയും ചെയ്തുവരുന്നു. പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പ്രകാരം 1970 മുതൽ കേരളത്തിന് ലഭിച്ചുവരുന്ന ജലം, കാലവർഷക്കുറവുമൂലം ഡാമുകളിലെ ജലനിരപ്പ് കുറയുന്നുവെന്ന കാരണം പറഞ്ഞ് തമിഴ്നാട് വിട്ടുതരാൻ വിമുഖത കാണിക്കുന്നു. കരാർ പ്രകാരമുള്ള ജലം കേരളത്തിന് ലഭിക്കുന്നതിന് സംയുക്ത ജലക്രമീകരണ ബോർഡ് യോഗങ്ങളിലും ഉദ്യോഗസ്ഥതലത്തിലും ശക്തമായ സമ്മർദ്ദം ചെലുത്തുന്നുണ്ട്. അതോടൊപ്പം തമിഴ്നാട് സർക്കാരിനെതിരെ സുപ്രീം കോടതിയെ സമീപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കാവേരി

ട്രിബ്യൂണൽ വിധി പ്രകാരം കേരളത്തിന് അനുവദിച്ച 30 ടി.എം.സി. ജലം ലഭ്യമാക്കുന്നതിനുവേണ്ടി പാമ്പാർ നദീതട പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടിശ്ശേരി ഡാമിന്റേയും കനാലിന്റേയും പുനർനിർമ്മാണത്തിനുള്ള 26 കോടി രൂപയുടെ പ്രൊപ്പോസൽ അംഗീകരിച്ച് ടെണ്ടറായിട്ടുണ്ട്. കാവേരി ട്രിബ്യൂണൽ വിധി പ്രകാരം കാരാപ്പുഴ പദ്ധതിക്ക് അനുവദിച്ചിട്ടുള്ള 2.8 ടി.എം.സി ജലം ഭാഗികമായി ഉപയോഗിക്കുന്നുണ്ട്. ബാണാസുരസാഗർ ജലസേചന പദ്ധതി പൂർത്തിയാക്കാത്തതിനാൽ ലഭ്യമായ ജലം ഉപയോഗിക്കുന്നില്ല. കബനി ബേസിനിലുള്ള 9 പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ നടത്തി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാനും ഭവാനി ബേസിനിൽ അനുവദിച്ചിട്ടുള്ള ജലം ഉപയോഗിക്കുവാനായി അട്ടപ്പാടി പദ്ധതി പുനരുജ്ജീവിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുട്ടനാട്ടിൽ ഓരുവെള്ളം കയറുന്നത് തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ചിറ്റൂർ പ്രദേശത്തെ കൃഷി നാശം സംബന്ധിച്ച് കണക്കെടുക്കാൻ കൃഷി വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. വരൾച്ച ബാധിത പ്രദേശങ്ങളിൽ കുളങ്ങളുടെ ആഴം കൂട്ടലും പുനഃക്രമീകരണവും തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമെന്ന് ഒരുപചോദ്യത്തിലിടപെട്ടുകൊണ്ട് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി അറിയിച്ചു.

8 (*63) <u>കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി</u>

ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, വേനൽക്കാല ജലശോഷണം കണക്കിലെടുത്ത് കടുത്ത കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ അത് തരണം ചെയ്യുന്നതിനായി ജലസ്രോതസ്സുകളുടെ പുനരുദ്ധാ

രണം, പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികളും മാറ്റിവയ്ക്കലും, ജലവിതരണ ലൈനുകളിലെ ചോർച്ച തടഞ്ഞ് സാധ്യമായ സ്ഥലങ്ങളിലേയ്ക്ക് ജല ലഭ്യതയനുസരിച്ച് പൈപ്പ് ലൈനുകൾ നീട്ടുക, ഡൈവേർഷൻ ചാനലുകൾ മുഖേന നീരൊഴുക്ക് വർദ്ധിപ്പിച്ച് സ്രോതസ്സുകളിലേയ്ക്ക് തിരിച്ചുവിടുക, ഇൻഫിൽട്രേഷൻ ഗ്യാലറി, കിണറുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കുകയും കുഴൽക്കിണറുകൾ ഫ്ളഷ് ചെയ്യുകയും ചെയ്യുക, വാൽവുകൾ നിയന്ത്രിച്ചും പമ്പിംഗ് സമയം ക്രമീകരിച്ചും നിശ്ചിതസമയം കുടിവെള്ളം നൽകുക തുടങ്ങിയ നടപടികളാണ് കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുന്നതെന്ന് സഭയെ അറിയിച്ചു. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ അടിയന്തരമായി നടപ്പിലാക്കുന്നതിലേയ്ക്കായി 57 കോടി രൂപ കേരള വാട്ടർ അതോറിറ്റിക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. വാട്ടർ അതോറിറ്റി മുഖേന ടാങ്കർ ലോറികൾ വഴി വിതരണം ചെയ്യുന്ന ജലം ഗുണമേന്മ ഉറപ്പുവരുത്തിയശേഷം മാത്രമാണ് വിതരണം ചെയ്യുന്നത്. പ്രൈവറ്റ് പാർട്ടീസ് സപ്ലൈ ചെയ്യുന്ന ജലത്തിന്റെ ഗുണമേൻമ ഫുഡ് സേഫ്റ്റി കമ്മീഷണർ പരിശോധിക്കുന്നുണ്ട്. വയനാട് മുള്ളൻകൊല്ലി, പുൽപ്പള്ളി പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി മുള്ളൻകൊല്ലിയിലെ വാട്ടർ സപ്ലൈ സ്കീം മാർച്ച് 9-ാം തീയതി കമ്മീഷൻ ചെയ്യുമെന്നും കബനിയിൽ കാവേരി ട്രിബ്യൂണലിലെ വെള്ളം ഉപയോഗിക്കത്തക്ക വിധം ഒരു കൺസെൻസസ് ഉണ്ടാക്കാൻ ശ്രമിക്കുമെന്നും വാട്ടർ അതോറിറ്റിയെ സ്വകാര്യവത്കരിക്കുകയില്ലെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. സംസ്ഥാനത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് 85 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ

കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും ഒരുപചോദ്യത്തിലിടപെട്ടു കൊണ്ട് റവന്യു വകുപ്പുമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി 64 മുതൽ 90 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 728 മുതൽ 1071 വരെയുള്ള ചോദ്യങ്ങളിൽ 63 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)

.